**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3542** **12-03-2025 - ൽ മറുപടിയ്ക്ക്**

**മണ്ണ് പരിശോധനാ ലാബുകളുടെയും മൊബൈൽ യൂണിറ്റുകളുടെയും വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന മണ്ണ് പരിശോധനാ ലാബുകളുടെയും മൊബൈൽ മണ്ണ് പരിശോധനാ യൂണിറ്റുകളുടെയും വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | സംസ്ഥാനത്ത് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ സെൻട്രൽ സോയിൽ & പ്ലാന്റ് ഹെൽത്ത് സെന്റർ പാറോട്ടുകോണം, തിരുവനന്തപുരം എന്നതിനു പുറമെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ മണ്ണ് പരിശോധനശാലകളും പ്രവർത്തിച്ചു വരുന്നു.<br><br>കാർഷിക വികസന കർഷക്ഷേമ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ 9 ജില്ലകളിൽ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാലകളും കൂടാതെ പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിലെ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ യൂണിറ്റുകൾ അതാത് ജില്ലാ മണ്ണ് പരിശോധനാശാലകളോട് ചേർന്നും പ്രവർത്തിച്ചു വരുന്നു. കോട്ടയം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ വാഹനങ്ങൾ കാലാവധി കഴിഞ്ഞതിനാൽ പുതിയത് വാങ്ങാൻ നടപടി സ്വീകരിച്ചു വരുന്നു.<br><br>മണ്ണ് പര്യവേക്ഷണ & മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ ചുവടെ ചേർക്കുന്ന5 സ്റ്റാറ്റിക് ലാബുകളും, 2 സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും, ഒരു മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബും പ്രവർത്തിച്ചു വരുന്നു.<br><br>1. സെന്ട്രൽ സോയിൽ അനലറ്റിക്കൽ ലാബ് പാറോട്ടുകോണം, തിരുവനന്തപുരം.<br><br>2. റീജിയണൽ സോയിൽ അനലറ്റിക്കൽ ലാബ് , ആലപ്പുഴ<br><br>3.റീജിയണൽ സോയിൽ അനലറ്റിക്കൽ ലാബ്, തൃശ്ശൂർ. |

| | | | |
|---|---|---|---|
| | | | 4റീജിയണൽ സോയിൽ അനലറ്റിക്കൽ ലാബ്, കോഴിക്കോട്.<br><br>5.ഹൈടെക്ക് സോയിൽ അനലറ്റിക്കൽ ലാബ്, വയനാട്.<br><br>6.സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, പത്തനംതിട്ട.<br><br>7.സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, കാസർഗോഡ്.<br><br>മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ് നിലവിൽ വയനാട് ജില്ലയിൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ